12
ഡിസംബർ 2010
ഞായർ
1186 വൃശ്ചികം 26

മലയാള മനോരമ

ESTABLISHED 1888

ISSN-0972-0022

കോട്ടയം * കോഴിക്കോട് * കൊച്ചി * തിരുവനന്തപുരം * പാലക്കാട് * കണ്ണൂർ * കൊല്ലം * തൃശൂർ * മലപ്പുറം * പത്തനംതിട്ട * മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി * മംഗലാപുരം * ബഹ്റൈൻ * ദുബായ്

# ഇപിഐയും യൂണിവേഴ്സൽ എംപയറും ധാരണാപത്രം ഒപ്പിട്ടു




*മിനിരത്ന പൊതുമേഖലാ സ്ഥാപനമായ എൻജിനീയറിങ് പ്രോജക്ട്സ് ഇന്ത്യാ ലിമിറ്റഡും (ഇപിഐ) യൂണിവേഴ്സൽ എംപയർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ഡൽഹിയിൽ നടന്ന ചടങ്ങിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചപ്പോൾ.*

ന്യൂഡൽഹി: ശ്രീലങ്ക, മാലദ്വീപുകൾ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ മിനിരത്ന പൊതുമേഖലാ സ്ഥാപനമായ എൻജിനീയറിങ് പ്രോജക്ട്സ് ഇന്ത്യാ ലിമിറ്റഡും (ഇപിഐ) യൂണിവേഴ്സൽ എംപയർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ധാരണയായി. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഇപിഐ സിഎംഡി എസ്.പി.എസ്. ബക്ഷിയും യൂണിവേഴ്സൽ എംപയർ ഗ്രൂപ്പ് സിഎംഡി കെ. ബാലചന്ദ്രൻനായരും ഒപ്പുവച്ചു.

ഉദ്യോഗ്ഭവനിലെ ഹെവി ഇൻഡസ്ട്രീസ് മന്ത്രാലയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി വിലാസ് റാവു ദേശ്മുഖ്, സെക്രട്ടറി ബി.എസ്. മീന, ജോയിന്റ് സെക്രട്ടറി ഹർഭജൻ സിങ്, യൂണിവേഴ്സൽ എംപയർ ഡയറക്ടർ മുനീഷ് ഗുപ്ത എന്നിവർ പങ്കെടുത്തു. 1970 മുതൽ വിദേശ രാജ്യങ്ങളിലെ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്ന ഇപിഐ ഗൾഫ് രാജ്യങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.